# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിങ്ങോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P-7/851/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിങ്ങോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-7/851/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 16-09-2021 | 25-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 25-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ദീപാ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സി.ഉണ്ണികൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
എ.പി ഷിബു, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| എച്ച് നിയാസ് | പ്രസിഡന്റ് | 01-04-2020 | 13-10-2020 |
| അഡ്മിനിസ്ടേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 14-10-2020 | 20-12-2020 |
| സജിനി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| സബിത എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 25-04-2020 |
| ശ്രീദേവി.പി | സെക്രട്ടറി | 26-04-2020 | 06-07-2020 |
| സബിത എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2020 | 26-07-2020 |
| ശ്രീദേവി.പി | സെക്രട്ടറി | 27-07-2020 | 13-09-2020 |
| സബിത എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2020 | 28-09-2020 |
| ശ്രീദേവി.പി | സെക്രട്ടറി | 29-09-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുജ എം എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അംബിക | വെറ്റിനറി സർജൻ | 01-04-2020 | 03-11-2020 |
| ഡോ.ഹേമാ നായർ | വെറ്റിനറി സർജൻ | 04-11-2020 | 31-03-2021 |
| ഹയറുന്നിസ. എൻ | ഐ.സി,ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ലാലസ്. വി.എസ് | മെഡിയ്ക്കൽ ഓഫീസർ . (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| രജിതാ ശേഖർ. എസ് | മെഡിയ്ക്കൽ ഓഫീസർ . (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ലക്ഷ്മി. വി.ആർ | മെഡിയ്ക്കൽ ഓഫീസർ . (ഹോമിയോ) | 01-04-2020 | 31-03-2021 |
| ജീന ഗോപിനാഥ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| കുമാരി സുധ | ഹെഡ്മിസ്ട്രസ്സ് . (ഗവ.എൽപി.എ,സ്) | 01-04-2020 | 31-03-2021 |
| എ. അമൽ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| രാജീവ് കുമാർ. വി | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2020 | 15-06-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശൈലജ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16-06-2020 | 31-03-2021 |
| സബിത.എം.പി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| അനിൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-12-2020 |
| ഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2021 | 31-03-2021 |
| ദേവി കൃഷ്ണ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.P.Shibu (Senior Grade Auditor, On 23-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 25-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sajitha Das (Audit Officer (HG), On 27-09-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 25-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 25-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 24-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 27-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-10 |
| 11 | ക്യാന്റീൻ കെട്ടിടത്തിന് ഹോസ്പിറ്റൽ എന്ന പേരിൽ നികുതി നിർണ്ണയിച്ചിരിയ്ക്കുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 25-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-11 |
| 12 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-12 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-13 |
| 14 | കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ തരത്തിനനുസൃതമല്ലാത്ത വൈദ്യുതി ചാർജ് ഈടാക്കുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 27-09-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-09-2021) | 1-14 |
| 15 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2021) | 1-15 |
| 16 | പൊതുശൗചാലയം ടേക്ക് എ ബ്രേക്ക്(176/20-21) – പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2021) | 1-16 |

| | | |
|---|---|---|
| 17 | എൽ.എസ്.ജി.ഡി - എൻ.ആർ.ജി.എസ് ഓഫീസുകളിൽ ക്യാബിൻ(69/20-21) – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2021) | 1-17 |
| 18 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പ്രവർത്തനക്ഷമമാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-18 |
| 19 | റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 26-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2021) | 1-19 |
| 20 | വനിതകൾക്ക് ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - അധിക ചെലവ്<br>Written By: Deepa.K.Gopal (Asst. Audit Officer, On 27-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-20 |
| 21 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 27-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 25-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-22 |
| 23 | വീട് വാസയോഗ്യമാക്കൽ അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 25-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-23 |
| 24 | കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 27-09-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-09-2021) | 1-24 |
| 25 | പരസ്യചെലവ്-നിർദ്ദിഷ്ടസ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 27-09-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-09-2021) | 1-25 |
| 26 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 27-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-26 |
| 27 | ലൈഫ് ഭവനപദ്ധതി -അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 25-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വനിതകൾക്ക് ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - അധിക ചെലവ്<br>Written By: Sajitha Das (Audit Officer (HG), On 27-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 24-09-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-09-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 18.03.2020ലെ 1 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 115765250 | 120272334 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 51,684,824 | 5,28,89,263 |
| ഇൻകം ആന്റ് എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 100620518 | 97358983 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 19.07.2021 |

വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1.28/07/2020ൽ CFLTC ചിങ്ങോലി യുടെ പേരിൽ പഞ്ചായത്ത് പ്രസിഡന്റ് , ഹെഡ് ക്ലാർക്ക് എന്നിവരുടെ പേരിൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൌണ്ട് (Federal Bank ,Haripad N0-13960100228691) വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല. 08/01/2021 ലെ നീക്കിബാക്കി 2,77,645 രൂപയാണ്.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇലക്ഷൻ ഡെപ്പോസിറ്റിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്റർ-460200501 പ്രകാരം 4782811 രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ വിനിയോഗവിവരങ്ങൾ ലഭ്യമാകാത്തവയുണ്ട്. 29-06-2018 ലെ വിനിയോഗവിവരങ്ങൾ പ്രകാരം 16-17 ലെ ഡെപ്പോസിറ്റ് വർക്കിന്റെ നീക്കിബാക്കിയായി 701811 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ടി പ്രോജക്റ്റിന്റെ പേരിൽ തന്നെയാണ് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരിച്ച പ്രോജക്റ്റിന്റെ പേരിൽ അഡ്വാൻസ് തുക കാണിക്കുന്നത് ക്രമപ്രകാരമല്ല. ബാലൻസ് തുക മറ്റ് പ്രോജക്റ്റിന്റെ പേരിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണം.

4.311710199 എന്ന ഹെഡ്ഡ് പ്രകാരമുള്ള തുകയുടെ ബാങ്ക് അക്കൌണ്ട് അസറ്റ് ഭാഗത്ത് ഉൾപ്പെടുന്നില്ല

5.ഹെഡ് കോഡ് - 460500501 പ്രകാരമുള്ള അഡ്വാൻസ് 100000രൂപ (പ്രോജക്റ്റ് നം-127/19) രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

6. പ്രോജക്റ്റ് നം. 40/18-19 പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 10,00,000 രൂപ ചെലവുകളില്ലാത്ത പക്ഷം തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.സെക്കന്റ് ബെസ്റ്റ് ഓർഗാനിക് അഗ്രിക്കൾച്ചർ പഞ്ചായത്ത് എന്ന നിലയിൽ ലഭിച്ച അവാർഡു തുക ചെലവഴിക്കുന്നതിൽ പ്രത്യേക നിർദ്ദേശങ്ങളില്ലാത്ത പക്ഷം (നിബന്ധനകൾ) തുക ബാധ്യതയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

8.തനത് ഫണ്ടിന്റെ (ആലപ്പുഴ ജില്ലാ സഹകരണബാങ്ക് ഹരിപ്പാട് ശാഖ- അക്കൌണ്ട് നം-40091009000237) 31-03-21 ലെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് പണമാക്കി മാറ്റുന്നതിലേക്കായി സമർപ്പിച്ച 28500 രൂപയുടെ ചെക്കുകൾ പണമായി മാറിയിരുന്നില്ല. 31-07-2021 ലെ പൊരുത്തപ്പെടുത്തൽ റിപ്പോർട്ട് പ്രകാരവും ഇതേ ചെക്കുകൾ പണമായി മാറിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം. തീയതി | ചെക്ക് നം. തീയതി | തുക |
|---|---|---|---|
| 1 | 120010500138 /30-11-2020 | 0539419 / 07-10-2020 | 15,500 |
| 2 | 120010500128 /13-10-2020 | 5986930/ 06-10-2020 | 6250 |
| 3 | 120010500020 /25-09-2020 | 2856640 / 22-09-2020 | 3500 |
| 4 | 120010500009 /10-08-2020 | 5986817 / 10-08-2020 | 750 |
| 5 | 120010500172 /07-02-2020 | 8749150 / 01-01-2020 | 2500 |
| ആകെ | | | 28500 |

ഈ ചെക്കുകൾ, ബാങ്ക് സ്വീകരിക്കാതെ മടക്കിയതാണോയെന്ന് വ്യക്തമല്ല. ചെക്ക് നൽകിയ ആളുകളുടെ പേരിൽ നൽകിയ രസീത് റദ്ദ് ചെയ്ത് വിവരം അറിയിച്ച് ബന്ധപ്പെട്ട തുക വീണ്ടും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാനായില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് ( അക്കൌണ്ട്സ് )ചട്ടങ്ങളിലെ ചട്ടം-22). ഈ വിഷയത്തിൽ സ്വീകരിച്ച നടപടി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

9. തനത് ഫണ്ടിന്റെ (ആലപ്പുഴ ജില്ലാ സഹകരണബാങ്ക് ഹരിപ്പാട് ശാഖ- അക്കൌണ്ട് നം-40091009000237)31-03-21 ലെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം 05-10-2020 ൽ ഗ്രാമപഞ്ചായത്ത് നൽകിയ 3142 രൂപയുടെ ചെക്ക് ട്രഷറിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ചെക്കുകൾ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞചെക്കുകളുടെ അക്കൌണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ നിന്നും ഡെബിറ്റ് ചെയ്യേണ്ടതുമാണ്. (2011 ലെ കേരള പഞ്ചായത്ത് രാജ് ( അക്കൌണ്ട്സ് )ചട്ടങ്ങളിലെ ചട്ടം-46)

10. വസ്തുനികുതി ഓൺലൈൻ പേയ്മെന്റിനായി ആരംഭിച്ചിട്ടുള്ള SBI അക്കൌണ്ടിൽ (No-67396464384 ) 31-03-2021 ലെ കണക്കുകൾ പ്രകാരം 3,39,848 രൂപ നീക്കിബാക്കിയുണ്ട്. മേൽ അക്കൌണ്ട് കറന്റ് അക്കൌണ്ട് ആയതിനാലും തുടർന്നും അപ്രകാരം തന്നെ നിലനിർത്തേണ്ടതിനാലും ടി അക്കൌണ്ടിൽ നിന്നും നിശ്ചിത തുക പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോട് കൂടി പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13348945 |
| വരവ് | 51684824 |
| ആകെ | 65033769 |
| ചെലവ് | 52889263 |
| നീക്കിയിരിപ്പ് | 12144506 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 84,48,750 | 1447674 | 6459629 | 7907303 | 541447 |
| 2 | വികസനഫണ്ട്-എസ്.സി.പി | 32,61,000 | 102627 | 2809434 | 2912061 | 348939 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 100098 | - | 84999 | 84999 | 15099 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 4306000 | - | 4306000 | 4306000 | 0 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ്* | 3456681 | 35319* | 3221181 | 3221181 | 200181 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Untied | 6355396 | - | 5437017 | 5437017 | 918379 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് Tied | 3290000 | - | 1684804 | 1684804 | 1605196 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ കുറവ് ചെയ്തതുക | 569400 | വികസനഫണ്ട് (പൊതു വിഭാഗം) |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 878274 | വികസനഫണ്ട് (പൊതു വിഭാഗം) |
| 3 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 102627 | വികസനഫണ്ട് (എസ്.സി.പി) |
| 4* | വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ട്രാൻസ്ഫർ ചെയ്യുന്ന തുക | 35319 | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |

* സർക്കാർ ഉത്തരവ് (സാധാ.) നം.1805/2020/ തസ്വഭവ. തീയതി.1/10/2020 പ്രകാരം, തുക നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ലായെന്ന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സോഴ്സ് ഡിഡക്ഷൻ ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും 35319 രൂപ കുറവായിട്ടാണ് ACR ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് സോഴ്സ് ഡിഡക്ഷൻ കിഴിച്ചുള്ള തുക മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുന്നതിലേക്കായി ലഭിച്ചത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 163 | 65040269 | 111 | 31978011 | 20 | 32 | 80.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഭരണചെലവുകൾ | 2572 | 1527165 | 1529737 | 1525625 | 4112 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന പണം | 0 | 21143640 | 21143640 | 21143640 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38880 | 56 |
| കർഷക തൊഴിലാളി പെൻഷൻ | 6387400 | 392 |
| വിധവാ പെൻഷൻ | 7965600 | 535 |
| വാർദ്ധക്യകാല പെൻഷൻ | 15373800 | 1156 |
| വികലാംഗ പെൻഷൻ | 1983400 | 137 |
| അവിവാഹിത പെൻഷൻ | 825700 | 50 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3413/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ മോണിട്ടറിംഗും നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ഗ്രാമപഞ്ചായത്ത് കെട്ടിടം, മെറ്റീരിയൽ കളക്ഷൻ സെന്റർ, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

4. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

5.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

6.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/07/2021 | 07/21-03/21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | 2011-12 മുതൽ 2015-16 വരെ | 22/03/2017 |

## 1-11 ക്യാന്റീൻ കെട്ടിടത്തിന് ഹോസ്പിറ്റൽ എന്ന പേരിൽ നികുതി നിർണ്ണയിച്ചിരിയ്ക്കുന്നു

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 12/332 നം കെട്ടിടത്തിൽ കാന്റീൻ നടത്തുന്നതിനായി രഞ്ജിത്.ടി, നാരായണവിലാസം, ചിങ്ങോലി എന്നയാളുടെ പേരിൽ ഉണ്ണീസ് കഫേ ചിങ്ങോലി എന്ന പേരിൽ ലൈസൻസ് നൽകിയിട്ടുണ്ട്.(ലൈസൻസ് നം 79/2020-2021/A-91/1065/2020 തീയതി 01/04/2020). എന്നാൽ സഞ്ചയ വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറിൽ ടി കെട്ടിടം (130ച.മീ) ഹോസ്പിറ്റൽ എന്ന രീതിയിലാണ് അസസ്സ് ചെയ്തിരിയ്ക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തുനികുതി ചട്ടം 4,6 എന്നിവ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 11ാം ചട്ടം പ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/24-09-21) ലഭിച്ച മറുപടിയിൽ ആശുപത്രിയുടെ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് മാത്രമാണ് ക്യാന്റീൻ പ്രവർത്തിയ്ക്കുന്നത് എന്നും കിടപ്പ് രോഗികൾക്ക് ഭക്ഷണം ഉണ്ടാക്കി വിതരണം ചെയ്യുകയാണെന്നും വാണിജ്യാവശ്യത്തിനായി കെട്ടിടം ഉപയോഗിയ്ക്കുന്നില്ല എന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപടി പൂർണ്ണമായും അംഗീകരിയ്ക്കാനാവില്ല. കെട്ടിടത്തിന്റെ ഉടമസ്ഥ ജി.ഇന്ദിരാബായി, ശ്രീകൃഷ്ണാ നഴ്സിംഗ് ഹോം, ചിങ്ങോലി എന്ന വ്യക്തിയാണ്. ലൈസൻസ് ടി വ്യക്തിയുടെ പേരിലല്ല നൽകിയിരിയ്ക്കുന്നത്. ക്യാൻറീൻ പ്രവർത്തിയ്ക്കുന്ന അത്രയും സ്ഥലം വാണിജ്യാവശ്യത്തിനായിട്ടുള്ള നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയം ചെയ്ത് , ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശം പാലിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 20-21 വർഷങ്ങളിൽ പ്രവൃത്തികളിൽ ഇ ടെണ്ടർ നടപടികള് സ്വീകരിച്ചിട്ടുണ്ട്. കരാറുകാർ ഇ-ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ തുകകളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. 2015-16 വർഷം മുതലുള്ള തുകകൾ ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. 2015-16 വർഷം മുതൽ 2020-2021 വർഷം വരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ മേൽനില ഉൾപ്പെടെയുള്ള പുതിയ നിർമ്മാണം, മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഓഫീസ് നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 916737രൂപയുടെ ഫർണീച്ചറുകൾ പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതും ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

കൾവർട്ടുകൾ/ബ്രിഡ്ജസ്, റോഡ്, ലെയിൻ എന്നിവയുടെ ആസ്തിരജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപ്ഡേഷൻ വരുത്തിയിട്ടുമില്ല. പലതിലും നിർമ്മിച്ച വർഷം, വാർഡ് നമ്പർ എന്നിവ പോലും രേഖപ്പെടുത്തിയിട്ടില്ല.

റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനായി 14.09.20 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ ഒരു അപ്രന്റീസ് ട്രെയിനിയെ നിയമിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ, കെട്ടിടങ്ങൾ, ഫർണീച്ചറുകൾ തുടങ്ങി എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ തരത്തിനനുസൃതമല്ലാത്ത വൈദ്യുതി ചാർജ് ഈടാക്കുന്നു

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുത ബിൽ അടക്കുന്നതിലേക്കായി 2020-21 വർഷം ആകെ 459251 രൂപ ചെലവഴിച്ചു. (RP-13പട്ടിക / ഹെഡ് കോഡ്-230100101). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി കാർത്തികപള്ളി ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1155268002080) . മറ്റ് ഇലക്ട്രിക്കൽ സെക്ഷനുകളിലും ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകൾക്കായി പണം ഒടുക്കുന്നുണ്ടെങ്കിലും ഇത് താരതമ്യേന ചെറിയ തുകകളാണ്. 2021 സെപ്റ്റംബർ മാസത്തെ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ തുക 36,403രൂപയാണ്( കൺസ്യൂമർ നം-1155268002080) എന്നാൽ ഈ ബില്ലിലെ കണക്റ്റ് ലോഡി (25042 Watts) നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ തുടർന്ന് കെ.എസ്സ്.ഇ.ബി കാർത്തികപള്ളി ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ കണക്കിൽ 230 സാധാരണ ബൾബുകളും 48 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്.ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളൊന്നും തന്നെയില്ലയെന്നത് വ്യക്തമാണ്. സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ തരത്തിലുള്ള കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് നടത്തുന്നതിനും ആയത് ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് കേടായ വൈദ്യുതിവിളക്കുകളുടെ പുന:സ്ഥാപനത്തിനായി പുതിയ വൈദ്യുതവിളക്കുകൾ വാങ്ങുകയും മാറ്റി സ്ഥാപിക്കുകയും പുതിയ സ്ട്രീറ്റ്മെയിനുകൾ സ്ഥാപിച്ച് പുതിയ വൈദ്യുതിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. (2020-21 ലും പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 745 LED വിളക്കുകൾ വാങ്ങുകയും , 250 എണ്ണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ) ഇവ പൂർണ്ണമായും Energy Efficient ആയ എൽ.ഇ.ഡി വൈദ്യുതി വിളക്കുകളാണെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ പേരിൽ KSEB ബിൽ ചെയ്യുന്ന കണക്കുകൾ യാഥാർത്ഥ്യമല്ല.

ഓഡിറ്റ് വിഭാഗത്തിന്റെ ആവശ്യപ്രകാരം വൈദ്യുതി ബോർഡിന്റെ കാർത്തികപള്ളി സെക്ഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് ബില്ലിംഗിന് KSEBആധാരമാക്കിയ തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ ലഭ്യമാക്കി.ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ ബില്ലിംഗിന് ( കൺസ്യൂമർ നം-1155268002080) KSEB ആധാരമാക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.


<table>
<tr><th>ക്രമ നം</th><th colspan="2">സ്ട്രീറ്റ് ലൈറ്റിന്റെ തരം</th><th>എണ്ണം</th><th>വാട്ട്സ്</th></tr>
<tr><td>1</td><td colspan="2">Sodium Vapour Lamp 1 X 70w</td><td>10</td><td>700</td></tr>
<tr><td>2</td><td colspan="2">CFL: Automatic On /Off - 2x11</td><td>381</td><td>8382</td></tr>
<tr><td>3</td><td colspan="2">Fluorescent Tube- 2 X40</td><td>48</td><td>3840</td></tr>
<tr><td>4</td><td>Ordinary - 1x40</td><td rowspan="3">ആകെ ഇൻകാൻഡസെന്റ് ബൾബുകൾ- 230</td><td>88</td><td>3520</td></tr>
<tr><td>5</td><td>Ordinary - 1x60</td><td>140</td><td>8400</td></tr>
<tr><td>6</td><td>Ordinary - 1x100</td><td>2</td><td>200</td></tr>
<tr><td colspan="3">ആകെ</td><td>669</td><td>25042</td></tr>
</table>

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ ഊർജ്ജ ഉപഭോഗം കുറഞ്ഞ വൈദ്യുതിവിളക്കുകൾ മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ് ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ് , സി.എഫ്.എൽ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ് ഗ്രാമപഞ്ചായത്തിനുള്ളത്.

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 40 W | 159 |
| Ordinary | 60 W | 252 |
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 11 W | 33 |
| LED | 12 W | 17 |
| LED | 20 W | 28 |
| LED | 24 W | 41 |

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 60 Watts സാധാരണ ഇൻകാൻഡസെന്റ് ബൾബും 24 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം ചുവടെ ചേർക്കുന്നു.




ഒരു സാധാരണ ബൾബു (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 230 സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം

13-ാംപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 29-03-2017ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (എം.എസ്സ്)72/2017 തസ്വഭവ നം.ഉത്തരവിൽ പദ്ധതി നിർവ്വഹണത്തിനായി ഉൾപ്പടുത്തിയിട്ടുള്ള 9 ഘട്ടങ്ങളിൽ ആദ്യത്തേതാണ് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും. കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും, തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉൽ(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലും പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ 13 വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം വർക്കിംഗ് ഗ്രൂപ്പ് ഈ കാലയളവിൽ കൂടിയിട്ടില്ല.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഒര് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിനിറ്റ്സുകൾ അപൂർണ്ണമാണ്. പലതിലും ഹാജർ മാത്രം.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്ത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-16 പൊതുശൗചാലയം ടേക്ക് എ ബ്രേക്ക്(176/20-21) – പ്രവൃത്തി പൂർത്തീകരിച്ചില്ല

സംസ്ഥാന സർക്കാരിന്റെ 12 ഇന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഉയർന്ന നിലവാരമുള്ള പൊതുശുചിമുറികൾ ഉൾപ്പെടുത്തി വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 06.11.20 ൽ കരാർ ചമച്ച പ്രവൃത്തിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| കേന്ദ്രാവിഷ്കൃതഫണ്ട് | 500000 | 379562 |
| ജില്ലാ പഞ്ചായത്ത് | 300000 | - |
| | 800000 | 379562 |

| | |
|---|---|
| എസ്റ്റിമേറ്റ് | 689245.39 |
| കരാർ നം | 28/AE/LID&EW/CHLY/06.11.20 |
| എഗ്രീഡ്. പി.എ.സി | 685352.82 |
| കരാറുകാരന്റെ പേര് | ഉല്ലാസൻ.വി |
| നികുതി ഉൾപ്പെടെയുള്ള തുക | 379562 |
| ചെലവഴിച്ച തുക | 365972, ചെക്ക് നം.860233/31.03.21 |
| എം ബുക്ക് നം | 126b/20-21 |

ഇലക്ട്രിഫിക്കേഷൻ(15000), വാട്ടർ കണക്ഷൻ (10000) ഉൾപ്പെടെ 800000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. 12% ജി.എസ്.റ്റി ഉൾപ്പെടെ ആകെ മൂല്യം 379562 രൂപയായി പാർട്ട് ബിൽ തുക കണക്കാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1."ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണോ എന്ന് വ്യക്തമല്ല.

2.ആദായ നികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി, ജി.എസ്.റ്റി ഇനങ്ങളിലുള്ള തുകയായ 13590 രൂപ(3389x4+34,Cess) കുറവ് ചെയ്യാണ് ആകെ മൂല്യത്തിൽ നിന്നും കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. നികുതികൾ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുകയോ തുക ബാധ്യതയായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല .

3.പാർട്ട് ബിൽ അനുവദിക്കുമ്പോൾ ആകെ മൂല്യത്തിൽ നിന്നും 2.5% റിറ്റൻഷൻ കുറവ് ചെയ്യേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4.ഇലക്ട്രിഫിക്കേഷൻ, വാട്ടർ കണക്ഷൻ എന്നീ പ്രവൃത്തികൾക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

5.29.03.21 ലാണ് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. പിന്നീട് പ്രവൃത്തി ഇതേ വരെയും ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു.

6 മാസമായിരുന്നു പൂർത്തീകരണ കാലയളവ് എന്നതിനാൽ 05.05.2021 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. പൂർത്തീകരണ കാലയളവ് കഴിഞ്ഞ് 4 മാസം പൂർത്തീകരിക്കുമ്പോഴും കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പഞ്ചായത്ത് യാതൊരു തുടർ നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനും ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/23.09.21) മറുപടി നൽകിയിട്ടില്ല. പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ച്കൊണ്ട് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തൻവർഷ ചെലവ് 365972 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 എൽ.എസ്.ജി.ഡി - എൻ.ആർ.ജി.എസ് ഓഫീസുകളിൽ ക്യാബിൻ(69/20-21) – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ചിങ്ങോലി ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ഫണ്ടിന്റെ കുറവ് കാരണം 20.11.20 ലെ I(4) നം തീരുമാന പ്രകാരം 2020-21 ൽ എൽ.എസ്.ജി.ഡി - എൻ.ആർ.ജി.എസ് ഓഫീസുകളിൽ ക്യാബിൻ എന്ന പേരിൽ പുതിയ പദ്ധതി തയ്യാറാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 496737രൂപ ചെലവഴിച്ചിട്ടുമുണ്ട്. ആർട്കോയിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 2019-20, 20-21 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക | ബിൽ നം,തീയതി |
|---|---|---|
| 2019-20 | 420000 | 21/18.01.20 |
| 2020-21 | 496737 | 42/31.03.21 |
| ആകെ | 916737 | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ഓഫീസ് ഫർണിഷിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി ലഭിച്ചതായോ രേഖയില്ല.

2.എം ബുക്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

3.15.10.19 ലെ പ്രോഫോർമ ഇൻവോയിസിൽ നിന്നും വ്യത്യസ്തമായ ഉപകരണങ്ങളാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബില്ലിൽ പല ഇനങ്ങളുടെയും അളവ് വ്യക്തമാക്കിയിട്ടുമില്ല.

ഉപകരണങ്ങളുടെ അളവ്, നിരക്ക് എന്നിവ രേഖപ്പെടുത്താതെ എപ്രകാരമാണ് തുക അനുവദിച്ചതെന്ന് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/20-21/23.09.21) മറുപടി ഹാജരാക്കിയിട്ടില്ല. ഇവയൊന്നും തന്നെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ തൻവർഷം ചെലവഴിച്ച 496737 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ ചൂരവിള യു.പി സ്കൂളിൽ 50 കി.ഗ്രാം ശേഷിയുള്ള ഫ്ലോട്ടിംഗ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക | ബിൽ നം/തീയതി |
|---|---|---|
| 19-20 | 44540 | ബിൽ നം. 3/03.02.20 |
| 20-21 | 155460 | ബിൽ നം.33/19.03.21 |
| | 200000 | |

ബയോഗ്യാസ് സ്റ്റവ്, കൺസൾട്ടൻസി ചാർജ്ജ് ഉൾപ്പെടെ 222700 രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കൺസൾട്ടൻസി (ചാർജ്ജ് 20000 രൂപ) കുറവ് ചെയ്താണ് തുക അനുവദിച്ചിട്ടുള്ളത്. IRTC യുമായി 18.12.19ൽ ചമച്ച കരാർ പ്രകാരം പരമാവധി 4 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-21/24.09.21), കോവിഡ്-19 കാരണം സ്കൂളുകൾ പ്രവർത്തിക്കാത്തത് കാരണമാണ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതെന്നാണ് മറുപടി. ബയോഗ്യാസ് പ്ലാന്റുകളിൽ ചാണകം നിറച്ച് പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തി നടത്താനുണ്ടെന്ന് IRTC യുടെ 23.02.21 ലെ കത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുക 155460 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 റോഡ് കണക്റ്റിവിറ്റി ഭൂപടം, റോഡ് കണക്റ്റിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും റോഡ് കണക്റ്റിവിറ്റി ഭൂപടം, റോഡ് കണക്റ്റിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വനിതകൾക്ക് ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - അധിക ചെലവ്

പ്രോജക്ട് നമ്പർ - S0038/21

അടങ്കൽ - 1116500/- [516500(വികസനഫണ്ട് സാധാരണവിഹിതം+ 300000(ബ്ലോക്ക് വിഹിതം)+300000 (ജില്ലാ പഞ്ചായത്ത് വിഹിതം) ]

ചെലവ് - ബിൽ നമ്പർ - 8/10.2.21 -516500/- വികസനഫണ്ട് സാധാരണവിഹിതം

ചെക്ക് നമ്പർ - 300000/- ബ്ലോക്ക് വിഹിതം

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ടിലുൾപ്പെടുത്തി 500/- രൂപ വിലവരുന്ന 1633 ഇടവിളകിറ്റുകൾ കെയ്കോ, തിരുവല്ലയിൽ നിന്നും (1633x500 = 816500/-) വാങ്ങിയിട്ടുണ്ട്. ഒരു കിറ്റിൽ 7kg ചേനയും 4.72kg ചേമ്പും 1kg നനകിഴങ്ങുമാണ് ഉൾപ്പെടുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ) 22/18/തസ്വഭവ തീ. 14.2.18 നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ കമ്മറ്റി രൂപീകരിച്ചിരുന്നു. മേൽ ഉത്തരവിലെ ഖണ്ഡിക 3-2-5 പ്രകാരം ഏതെങ്കിലും ഇനത്തിന് യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ ടി സമിതിക്ക് നിശ്ചയിച്ചിട്ടുള്ള നടപടിക്രമം പാലിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചിയ്ക്കാവുന്നതാണ്. ഓരോ മേഖലയിലേയും വിദഗ്ധർ ഉൾപ്പെടുന്ന ഈ കമ്മറ്റി നിശ്ചയിക്കുന്ന നിരക്കിലാണ് മേൽ ഉത്പ്പന്നങ്ങൾ വാങ്ങേണ്ടത്. ഈ നിർദ്ദേശ പ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് കൊണ്ടുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 25.1.21 ലെ റ്റി.സി.(3) 48/18/2017 നമ്പർ കത്ത് പ്രകാരം നനകിഴങ്ങിന് മിശ്ചയിച്ചിട്ടുള്ള നിരക്ക് കിലോഗ്രാമിന് 35/- രൂപയാണ്. എന്നാൽ കെയ്കോയിൽ നിന്നും നനകിഴങ്ങ് കിലോഗ്രാമിന് 63/- രൂപ നിരക്കിലാണ് വാങ്ങിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന കോർപ്പറേഷൻ, VFPCK എന്നിവയിൽ നിന്നുള്ള വാങ്ങുമ്പോൾ മാത്രമാണ് യഥാർത്ഥ വില നൽകാവുന്നത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 1633kg നനകിഴങ്ങ് വാങ്ങുന്നതിന് 102879/- രൂപ ചെലവഴിച്ചു. എന്നാൽ 57155/- രൂപയാണ് ഇതിന് ചെലവഴിക്കാവുന്നത്. ഇപ്രകാരം വാങ്ങൽ നടത്തുക വഴി 45724/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 10/25.9.21 നൽകിയതിന് ആസൂത്രണസമിതി നിശ്ചയിച്ച കിഴങ്ങ് വർഗ്ഗങ്ങളുടെ വില പദ്ധതി നടത്തിപ്പിന് അപര്യാപ്തമാണെന്ന് പല ഗ്രാമപഞ്ചായത്തുകളിലേയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പരാതി ഉണ്ടായിരുന്നതായും ഇവയുടെ വില വർദ്ധിപ്പിച്ച് നൽകാമെന്ന് ജില്ലാ ആസൂത്രണസമിതി വാക്കാൽ ഉറപ്പ് നൽകിയെന്നുമാണ് മറുപടി . എന്നാൽ ഈ

മറുപടി അംഗീകരിക്കാവുന്നതല്ല. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് വാങ്ങൽ നടത്തുക വഴി ഉണ്ടായ അധിക ചെലവ് 45724/- രൂപ നിർവ്വഹണ ഉദ്യോസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 1-21 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നമ്പർ - S0098/21

അടങ്കൽ - 1250000/- [ വികസനഫണ്ട് -(സാധാരണവിഹിതം) - 312500 + സംസ്ഥാനവിഹിതം -

312500 +ഗുണഭോക്തൃവിഹിതം - 625000 ]

ചെലവ് - ബിൽ നമ്പർ - 9/12.3.21 – 312500/-

നിർവ്വഹണം – വെറ്റിനറി സർജൻ

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 16.2.21 ലെ 2(2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കന്നുകട്ടി പരിപാലനം പ്രോജക്ടിനായി 25 ഗുണഭോക്താക്കളുടെ 25 കന്നുകുട്ടികളെ തിരെഞ്ഞെടുക്കുകയും ഇവയ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്കുവാൻ തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിവിയോഗവിവരങ്ങൾ ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/20-21/24.9.21) പദ്ധതി പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാമെന്നമാണ് മറുപടി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 312500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം -S00114/21

പ്രോജക്ടിന്റെ പേര്- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ തുക -1587500(537500എസ്.സി.പി,1050000 ജില്ലാ പഞ്ചായത്ത്)

ചെലവഴിച്ച തുക-525000

2019-20 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ

| ക്രമനം | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | നൽകിയ തുക | അപാകത |
|---|---|---|---|
| 1 | കവിത നല്ലോട്ടിൽ കിഴക്കതിൽ | 112,500 /01-10-2020 | പണി പൂർത്തീകരിച്ചിട്ടില്ല |
| 2 | അജിത എസ്,എ.എസ് നിവാസ് | 37599/17-03-20 | പണി പൂർത്തീകരിച്ചിട്ടില്ല |
| 3 | ശശികല ,വയക്കര | 75000/17-03-20 | പണി പൂർത്തീകരിച്ചിട്ടില്ല |

പഠനമുറി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/23-09-21 ന് നൽകിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം പുരോഗമിയ്ക്കുന്നുവെന്നും, കോവിഡ്-19 മൂലമുണ്ടായ മോശം സാമ്പത്തിക സ്ഥിതി മൂലമാണ് സമയബന്ധിതമായി പണി പൂർത്തീകരിയ്ക്കാൻ സാധിയ്ക്കാഞ്ഞതെന്നും അറിയിച്ചിട്ടുണ്ട്. പഠനമുറി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 വീട് വാസയോഗ്യമാക്കൽ അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് നം -S0048/21

പ്രോജക്ടിന്റെ പേര്- വീട് യോഗ്യമാക്കൽ (പട്ടികജാതി)2020-21

അടങ്കൽ തുക- 1300000(വികസനഫണ്ട്)

ചെലവഴിച്ച തുക-900000

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

സ.ഉ(കൈ)നം.22/2018/തസ്വഭവ.-14.02.2018 പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കുകയും സബ്സിഡി നിരക്ക് എൽഎസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം നിശ്ചയിക്കേണ്ടതും എന്നാണ് നിഷ്കർഷിച്ചിരിയ്ക്കുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയപ്പോൾ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടോ പണി പൂർത്തീകരിച്ച വിവരങ്ങളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ

| ക്രമനം | ഗുണഭോക്താവിന്റെ പേര്/ അഡ്രസ്സ് | നൽകിയ തുക | അപാകത |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | രാധ,രാധാഭവനം ,ചിങ്ങോലി | 50,000 /12-02-21 | പരിശോധന റിപ്പോർട്ടില്ല, |
| 2 | ഇന്ദിര,ശരത് ആലയംചിങ്ങോലി | 50,000 /17-02-21 | പരിശോധന റിപ്പോർട്ടില്ല, എസ്റ്റിമേറ്റില്ല |
| 3 | തങ്കമണി,കൃഷ്ണാലയം,ചിങ്ങോലി | 50000/08-02-21 | പരിശോധന റിപ്പോർട്ടില്ല |
| 4 | രാജമ്മ ,ചെട്ടിശ്ശേരി പടീറ്റതിൽ | 50000/12-02-21 | പരിശോധന റിപ്പോർട്ടില്ല |
| 5 | ഗീത,വാദ്ധ്യാരുപറമ്പിൽ,ചിങ്ങോലി | 50000/30-03-21 | പരിശോധന റിപ്പോർട്ടില്ല |

മേൽ ഗുണഭോക്താക്കൾ (1 മുതൽ 5 വരെ )ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയോ എന്നുള്ള വിവരവും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുവാനും ഓഡിറ്റ് എൻക്വയറി (നം.3/22-09-21) നൽകിയിരുന്നു. ടി ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ മേൽ പട്ടികയിലെ ക്രമനം 1 മുതൽ 5 വരെയുള്ള ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ലെന്നും അഡ്വാൻസ് തുക മാത്രമേ നൽകിയിട്ടുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് സ്പിൽ ഓവറായി 2021-22 വർഷം തുടരുന്നുണ്ടെന്നും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുമ്പോൾ മാത്രമേ അവസാന ഗഡു നൽകുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തിയാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല

പ്രോജക്റ്റ് നം- 41/20-21

അടങ്കൽ - 150000 (വികസനഫണ്ട് – സാധാരണവിഹിതം) + 90000(തനത് ഫണ്ട് )

ചെലവ് -ബിൽ നം – 315/24.3.21- 146829/-

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഹൈസ്പീഡ് സ്കാനർ , പ്രിന്റർ എന്നിവ വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി രണ്ട് കമ്പ്യൂട്ടർ , മൂന്ന് പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനായി 146829 രൂപ (93840+52989) കെൽട്രോണിലേക്ക് നൽകിയിട്ടുണ്ട്. രണ്ട് കമ്പ്യൂട്ടറുകൾ രണ്ട് പ്രിന്റർ എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ 12953 രൂപ വിലവരുന്ന A4 Monochrome Network Laser Printer ഓഡിറ്റ് സമയത്തും ലഭിച്ചിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. പ്രിന്റർ ലഭ്യമാകുന്നതു വരെ 12953 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പരസ്യചെലവ്-നിർദ്ദിഷ്ടസ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന ദർഘാസ് പരസ്യങ്ങൾ വിൻഡോ മാതൃകയിലായിരിക്കണമെന്നും ഇവയുടെ വലുപ്പം 8 Cm X 3 Cm (2 കോളം X 3 സെ.മീ) ആയിരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (പൊതുഭരണ( I &PRD ) വകുപ്പിന്റെ 01-04-2004 ലെ സ.ഉ (അച്ചടി) നം-01/04) പരസ്യത്തിന്റെ വിശദാംശം വിൻഡോ നമ്പരിൽ വെബ്സൈറ്റിലാണ് പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷം നൽകിയ നിരവധി പരസ്യങ്ങൾ വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും നിർദ്ദിഷ്ടവലുപ്പം പാലിച്ചില്ലായെന്ന് കാണുന്നു. ഓഡിറ്റ് കാലയളവിൽ നൽകിയ പരസ്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പരസ്യം നൽകിയ തീയതി | ദിനപത്രം | വലുപ്പം | നിരക്ക് | ഇളവ് | GST | ആകെ ബിൽതുക |
|---|---|---|---|---|---|---|
| 01-11-2019 | മാതൃഭൂമി | 8x5 | 260 | 15 | 5 | 9282 |
| 08-11-2019 | മാതൃഭൂമി | 8x7 | 260 | 15 | 5 | 12376 |
| 16-11-2019 | മാതൃഭൂമി | 8x5 | 260 | 15 | 5 | 9282 |
| 11-01-2020 | മാതൃഭൂമി | 8x6 | 260 | 15 | 5 | 11138 |
| 21-01-2020 | മാതൃഭൂമി | 8x6 | 260 | 15 | 5 | 11138 |
| 20-02-2020 | മാതൃഭൂമി | 8x5 | 260 | 15 | 5 | 11138 |
| 06-03-2020 | ചന്ദ്രിക | 8X5 | 60 | - | 5 | 2520 |
| 09-10-2020 | ചന്ദ്രിക | 8x 6 | 60 | - | 5 | 3024 |
| 20-01-2021 | ചന്ദ്രിക | 8x 6 | 70 | 15 | 5 | 2999 |

എന്നാൽ 10-03-20 ൽ പ്രസിദ്ധീകരണത്തിന് നൽകിയ പരസ്യം നിർദ്ദിഷ്ടവലുപ്പത്തിലുള്ളതായിരുന്നു. ഈ പരസ്യത്തിന് മാതൃഭൂമി ലഭ്യമാക്കിയ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പരസ്യത്തിന്റെ വലുപ്പത്തിൽ ഉണ്ടാകുന്ന വ്യത്യാസം ചെലവിലുണ്ടാക്കുന്ന കുറവ് ശ്രദ്ധയിൽപെടുത്തുന്നു.

| പരസ്യം നൽകിയ തീയതി | ദിനപത്രം | വലുപ്പം | നിരക്ക് | ഇളവ് | GST | ആകെ ബിൽതുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | $Cm^2$ | | | | |
| 10-03-2020 | മാതൃഭൂമി | 8x3 | 260 | 15 | 5 | 5569 |

24 Cm2 ന്റെ വർദ്ധനവ് ചെലവ് 5569 ൽ നിന്നും 11138 ആയി ഉയരുന്നതിനിടയാക്കി. പരസ്യം നൽകുമ്പോൾ വിൻഡോ മാതൃകക്കൊപ്പം നിർദ്ദിഷ്ട വലുപ്പം കൂടി പാലിക്കുന്നുവെന്ന് സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

മറ്റ് ഓഡിറ്റ് നിർദ്ദേശങ്ങൾ

ചന്ദ്രിക ദിനപത്രം ചില പരസ്യങ്ങൾക്ക് മാത്രം ഇളവ് അനുവദിക്കുന്നുണ്ട്. (ഉദാഹരണം (20-01-2021 ലെ പരസ്യം ). ഇളവ് അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. എല്ലാ പരസ്യങ്ങൾക്കും ഇളവ് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

സാധ്യമെങ്കിൽ വിവിധ വിൻഡോ നമ്പരുകൾ ഒന്നിച്ച് ഒരു പരസ്യമായി നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം-136<br>അടങ്കൽ- 300,000<br>ചെലവ്-2,08,770<br>ഫണ്ട്-തനത്ഫണ്ട് | ചെക്ക് നം-5459097 /തീയതി.24-08-2020 പ്രകാരം 190576 രൂപ KMSCL ന് നൽകിയെങ്കിലും 36116 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല |
| പ്രോജക്റ്റ് നം-11/21<br>അടങ്കൽ- 4,00,000<br>ചെലവ്-4,00,000<br>ഫണ്ട്-<br>സംരക്ഷണഗ്രാന്റ്-<br>റോഡിതരം | ബിൽ നം-81/06-08-2020 പ്രകാരം 245151 രൂപ KMSCL ന് നൽകിയെങ്കിലും 36359 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ മരുന്ന് പ്രോജക്ടുകളിലെ ലഭ്യമാകാത്ത മരുന്നുകൾ നിലവിൽ ലഭിച്ചുണ്ടെങ്കിൽ ഇൻവോയിസ്സുകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. രേഖകൾ ലഭ്യമാകുന്നതു വരെ 72475/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് ഭവനപദ്ധതി -അവലോകനം

1)ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 വരെ ആകെ 67 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ഇതിൽ ഓഡിറ്റ് തീയതി വരെ 59 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിയ്ക്കുന്നവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/എസ്.സി | പണി പൂർത്തീകരിച്ച സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|---|
| 1 | പങ്കജാക്ഷി,വാലേത്ത് ,ലക്ഷം വീട് | എസ്.സി | ലിന്റൽ | 200000 |
| 2 | മദനപ്പണിയ്ക്കർ പാണ്ഡ്യാലത്തറയിൽ | ജനറൽ | ലിന്റൽ | 200000 |
| 3 | ലത പൗർണ്ണമി | എസ്.സി | ലിന്റൽ | 200000 |
| 4 | വത്സല,നല്ലവീട്ടിൽ കിഴക്കതിൽ | എസ്.സി | ലിന്റൽ | 40000 |
| 5 | ദിവാകരന്,ദിവാകര ഭവനം | എസ്.സി | ഫൗണ്ടേഷൻ പൂർത്തിയാക്കി | 40000 |
| 6 | സുനിൽകുമാർ ,ചീനകളങ്ങര,കിഴക്കതിൽ | എസ്.സി | പണി.ആരംഭിച്ചിട്ടില്ല | 40000 |
| 7 | മഞ്ജു.ഊടത്തിൽ കിഴക്കതിൽ | എസ്.സി | പണി.ആരംഭിച്ചിട്ടില്ല | 40000 |
| 8 | ഷീബ,പട്ടന്റയ്യത്ത് | എസ്.സി | പണി.ആരംഭിച്ചിട്ടില്ല | 40000 |

ക്രമനം 6 മുതൽ 8 വരെയുള്ള ഗുണഭോക്താക്കൾ വീട്പണി ഇതുവരെയും ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിയ്ക്കാത്ത പക്ഷം ഇവർക്ക് നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ

സ്വീകരിയ്ക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിച്ച് മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ പ്രകാരം 3 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/ എസ്.സി | പണി പൂർത്തീകരിച്ച സ്റ്റേജ് | സ്ഥലം വാങ്ങിയതിന് നൽകിയ തുക | വീടിന് കരാർവെച്ച് നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഷീലമ്മ,മുളവന | ജനറൽ | അടിത്തറപണികൾ പൂർത്തിയാക്കി | 200000/20-21 | 40000/20-21 | |
| 2 | പത്മാലയ പണിയ്ക്കർ, ദേവീഭവനം | ജനറൽ | അടിത്തറപണികൾ നടക്കുന്നു | 200000/20-21 | 4000/21-22 | |
| 3 | രാജമ്മ,വാലുചിറയിൽ | ജനറൽ | അടിത്തറപണികൾ നടക്കുന്നു | 225000/2020-21 | 40000/21-22 | |

ഭവനപദ്ധതി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/17-09-21 ന് നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ ഗൃഹനിർമ്മാണം ഉടനെ തന്നെ ആരംഭിയ്ക്കുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളെകൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിപ്പിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വനിതകൾക്ക് ഇടവിളകൃഷി - ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - അധിക ചെലവ്

പ്രോജക്ട് നമ്പർ - S0038/21

അടങ്കൽ - 11165000/- [516500(വികസനഫണ്ട് സാധാരണവിഹിതം+ 300000(ബ്ലോക്ക് വിഹിതം)+300000 (ജില്ലാ പഞ്ചായത്ത് വിഹിതം) ]

ചെലവ് - ബിൽ നമ്പർ - 8/10.2.21 -516500/- വികസനഫണ്ട് സാധാരണവിഹിതം

ചെക്ക് നമ്പർ - 300000/- ബ്ലോക്ക് വിഹിതം

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ടിലുൾപ്പെടുത്തി 500/- രൂപ വിലവരുന്ന 1633 ഇടവിളകിറ്റുകൾ കെയ്കോ, തിരുവല്ലയിൽ നിന്നും (1633x500 = 816500/-) വാങ്ങിയിട്ടുണ്ട്. ഒരു കിറ്റിൽ 7kg ചേനയും 4.72kg ചേമ്പും 1kg നനകിഴങ്ങുമാണ് ഉൾപ്പെടുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ) 22/18/തസ്വഭവ തീ. 14.2.18 നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ കമ്മറ്റി രൂപീകരിച്ചിരുന്നു. മേൽ ഉത്തരവിലെ ഖണ്ഡിക 3-2-5 പ്രകാരം ഏതെങ്കിലും ഇനത്തിന് യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ ടി സമിതിയ്ക്ക് നിശ്ചയിച്ചിട്ടുള്ള നടപടിക്രമം പാലിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചിയ്ക്കാവുന്നതാണ്. ഓരോ മേഖലയിലേയും വിദഗ്ധർ ഉൾപ്പെടുന്ന ഈ കമ്മറ്റി നിശ്ചയിക്കുന്ന നിരക്കിലാണ് മേൽ ഉത്പ്പന്നങ്ങൾ വാങ്ങേണ്ടത്. ഈ നിർദ്ദേശ പ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച കൊണ്ടുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 25.1.21 ലെ റ്റി.സി.(3) 48/18/2017 നമ്പർ കത്ത് പ്രകാരം നനകിഴങ്ങിന് മിശ്ചയിച്ചിട്ടുള്ള നിരക്ക് കിലോഗ്രാമിന് 35/- രൂപയാണ്. എന്നാൽ കെയ്കോയിൽ നിന്നും നനകിഴങ്ങ് കിലോഗ്രാമിന് 63/- രൂപ നിരക്കിലാണ് വാങ്ങിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന കോർപ്പറേഷൻ, VFPCK എന്നിവയിൽ നിന്നുള്ള വാങ്ങുമ്പോൾ മാത്രമാണ് യഥാർത്ഥ വില നൽകാവുന്നത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 1633kg നനകിഴങ്ങ് വാങ്ങുന്നതിന് 102879/- രൂപ ചെലവഴിച്ചു. എന്നാൽ 57155/- രൂപയാണ്

ഇതിന് ചെലവഴിക്കാവുന്നത്. ഇപ്രകാരം വാങ്ങൽ നടത്തുക വഴി 45724/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 10/25.9.21 നൽകിയതിന് ആസൂത്രണസമിതി നിശ്ചയിച്ച കിഴങ്ങ് വർഗ്ഗങ്ങളുടെ വില പദ്ധതി നടത്തിപ്പിന് അപര്യപ്തമാണെന്ന് പല ഗ്രാമപഞ്ചായത്തുകളിലേയും നിർവ്വഹണ ഉദ്യോസ്ഥർക്ക് പരാതി ഉണ്ടായിരുന്നതായും ഇവയുടെ വില വർദ്ധിപ്പിച്ച് നൽകാമെന്ന് ജില്ലാ ആസൂത്രണസമിതി വാക്കാൽ ഉറപ്പ് നൽകിയെന്നുമാണ് മറുപടി . എന്നാൽ ഈ മറുപടി അംഗീകരിയ്ക്കാവുന്നതല്ല. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് വാങ്ങൽ നടത്തുക വഴി ഉണ്ടായ അധിക ചെലവ് 45724/- രൂപ നിർവ്വഹണ ഉദ്യോസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 133950 | 14-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 133950 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 620000 | 21-ലൈഫ് ഭവന പദ്ധതി 2020-21 ജനറൽ | 620000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 390000 | 24-ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി)2020-2021 | 390000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 119010 | 33-പാലിന് സബ്സിഡി | 119010 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | 38-വനിതകൾക്ക് ഇടവിള കൃഷി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | 132-സുഭിക്ഷ കേരളം വാഴകൃഷി വ്യാപനം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 13-അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 116950 | 14 -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 116950 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ

2020-21 വർഷത്തിൽ നിക്ഷേപ പ്രവർത്തികളില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

നല്കിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20,000,00 രൂപ വരവുണ്ട്.മുൻബാക്കി 8758235 രൂപയടക്കം 1,07,58235 രൂപയിൽ 2000000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സഉ (കൈ) 68/2018/ തസ്വഭവ തീയതി 18/05/2018 | 20,000,00 | 8758235 | 980901 | - | 97,77,334 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് -23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 1999-2000 | IV.4.13 (ഇ) | ചിപ്സ് ഉപ്പേരി നിർമ്മാണ യൂണിറ്റ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ (2006-08) 12-ാംമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാങ്ങിയ സാധനങ്ങൾ 19.10.2013-ൽ ലേലം ചെയ്തു. |
| 2 | 2003-04 | 3.4.7.1 | പദ്ധതിക്കനുസൃതമായി പ്രവർത്തനം നടത്താതിരുന്ന വനിത റെഡിമെയ്ഡ് യൂണിറ്റിൽ നിന്നും തുക ഈടാക്കുന്നത്-സംബ | സൂപ്പർ റെഡിമെയ്ഡ് യൂണിറ്റ് ശ്രീമതി ലൈലാ റഷീദിനെതിരെ സ്വീകരിച്ച ആർ.ആർ നടപടിക്കെതിരെ ടിയാൾ മാവേലിക്കര അഡീഷണൽ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു(എ.എസ് 153/2016)19/07/2019 ൽ കേസ് ഡിസ്മിസ് ചെയ്തിട്ടുള്ളതും ഉത്തരവ് ലഭ്യമായ ശേഷം തുടർ നടപടി സ്വീകരിക്കുന്നതുമാമെന്ന് തഹസിൽദാർ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി തുക ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 65033769 |
| ആകെ ചെലവ് | : | 52889263 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 45724/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1416097 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 45724/- | ശ്രീമതി.സുജ.എം.എസ്., കൃഷി ഓഫീസർ |
| ആകെ | | 45724/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 1-16 | 365972 | ശ്രീ.എ).അമൽ, അസി.എഞ്ചിനീയർ |
| 2. | 1-17 | 496737 | ശ്രീ.എ).അമൽ, അസി.എഞ്ചിനീയർ |
| 3. | 1-18 | 155460 | ശ്രീ.എ).അമൽ, അസി.എഞ്ചിനീയർ |
| 4. | 1-21 | 312500 | ഡോ.ഹേമ നായർ, വെറ്റിനറി സർജൻ |
| 5. | 1-24 | 12953 | ശ്രീമതി.ശ്രീദേവി.പി. സെക്രട്ടറി |
| 6. | 1-26 | 72475 | ഡോ.ലാലസ്.വി.എസ്, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| | ആകെ | 1416097 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ശ്രീ.എ).അമൽ, അസി.എഞ്ചിനീയർ, ചിങ്ങോലി ഗ്രാമപഞ്ചായത്ത് | ശ്രീലക്ഷ്മി നിവാസ്, മരൂർ സൌത്ത്, ആലുംകടവ് പി.ഒ., കരുനാഗപ്പള്ളി |
| 2. | ഡോ.ലാലസ്.വി.എസ്., മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചിങ്ങോലി | മുതുവിള വീട്, വൈക്കൽ പി.ഒ. കൊട്ടരക്കര |
| 3. | ശ്രീമതി.ശ്രീദേവി.പി. സെക്രട്ടറി,ചിങ്ങോലി ഗ്രാമപഞ്ചായത്ത് | പെരുകുന്നത്ത് വീട്, മുതുകുളം സൗത്ത് പി.ഒ |
| 4. | ശ്രീമതി.സുജ.എം.എസ്., കൃഷി ഓഫീസർ, കൃഷി ഭവൻ,ചിങ്ങോലി | ശ്രീവില്ല, മുതുകുളം നോർത്ത്, മുതുകുളം |
| 5 | ഡോ.ഹേമ നായർ, വെറ്റിനറി സർജൻ, ചിങ്ങോലി | ആയിക്കോമത്ത് ഹൌസ്,വെസ്റ്റ് ഫോർട്ട്, മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1862/11, തീയതി. 28.01.2012 |
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി - 12.05.2014 |

| | |
|---|---|
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.2012 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.2015 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/പി11-1036/2015, തീയതി - 03.09.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11-766/2016, തീയതി - 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി1-1257/16 തീയതി, 02.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി11-861/2017 തീയതി, 06.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി7-1203/2018 തീയതി, 17.09.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി7-874/2019 തീയതി, 06.11.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി7-342/2021 തീയതി, 08-04-21 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്